## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2194 — 18.06.2013 ലെ മറുപടിയ്ക്ക്

### കാരുണ്യ ഹോം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ജോസഫ് വാഴക്കൻ | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് കാരുണ്യ ഹോം ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉദ്ദേശിക്കുന്നുണ്ട്. ദൂര സ്ഥലങ്ങളിൽനിന്നും വിവിധ ആശുപത്രികളിൽ ചികിത്സയ്ക്കായി എത്തുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് ഗുണഭോക്താക്കളായ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും കുറഞ്ഞ ചെലവിൽ താമസ സൗകര്യം ആശുപത്രി പരിസരത്ത് ലഭ്യമാക്കുന്നതിനായിട്ടാണ് ഇത്തരത്തിൽ ഒരു സംരംഭം പരിഗണിക്കുന്നത്. |
| (ബി) | എവിടെയെല്ലാമാണ് പ്രസ്തുത പദ്ധതി തുടങ്ങാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) & (സി) | ലോട്ടറി വകുപ്പിന്റെ കാരുണ്യ ഫണ്ടിൽ നിന്നുള്ള തുക ഉപയോഗിച്ച്, അനുയോജ്യമായ സ്ഥലം ലഭ്യമാക്കുന്നമുറയ്ക്ക് സർക്കാർ മെഡിക്കൽ കോളേജ് പരിസരത്ത് കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ മേൽനോട്ടത്തിൽ പണിയുന്ന കെട്ടിടത്തിൽ തുടങ്ങാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |
| (സി) | ഇതിനുവേണ്ട ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | | |
| (ഡി) | ഏതെല്ലാം ഏജൻസികളും വകുപ്പുകളുമാണ് ഇതുമായി സഹകരിക്കുന്നത്; വ്യക്തമാക്കുമോ? | (ഡി) | കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, ഹോസ്പിറ്റൽ ഡെവലപ്മെന്റ് സൊസൈറ്റി, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെയാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ.